# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 659 :** **12/07/2012- ൽ മറുപടിക്ക്**

**ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വളർച്ചയും തൊഴിലവസരങ്ങളും**

**ചോദ്യം** **ഉത്തരം**

**ശ്രീ. പി. സി. ജോർജ് :**
**ഡോ. എൻ. ജയരാജ് :**
**ശ്രീ. എം. വി. ശ്രേയാംസ് കുമാർ :**
**ശ്രീ. റോഷി അഗസ്റ്റിൻ :**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ എണ്ണത്തിൽ വളർച്ച ഉണ്ടായിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (എ) | ഉണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം വ്യവസായ വകുപ്പിൽ സംരംഭക മെമ്മോറാണ്ടം പാർട്ട് II ഫയൽ ചെയ്ത യൂണിറ്റുകളുടെ എണ്ണത്തിൽ 17 ശതമാനത്തോളം വർദ്ധനവുണ്ടായിട്ടുണ്ട്.<br>ഉൽപാദന മേഖലയിൽ 37 യൂണിറ്റുകൾക്ക് സിഡ്കോ വിവിധ വ്യവസായ എസ്റ്റേറ്റുകളിൽ ഭൂമി/ഷെഡ്ഡ് അലോട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 18 ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വളർച്ചയ്ക്കായി സിഡ്കോ വിവിധ വ്യവസായ . പാർക്കുകളിലുമായി ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ മേഖലയിൽ 120 ശതമാനത്തോളം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br>കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ സാമ്പത്തിക സഹകരണത്തോടെ സംസ്ഥാനത്ത് ചെറുകിട ഇടത്തരം മേഖലയിൽ 2011-12 വർഷത്തിൽ 6 പദ്ധതികളും 2012-13 വർഷത്തിൽ ജൂൺ വരെ 5 പദ്ധതികളും പൂർത്തീകരിക്കുവാനായിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംരംഭങ്ങൾ വഴി സംസ്ഥാനത്ത് എന്ത് തുകയുടെ നിക്ഷേപങ്ങളും എത്ര തൊഴിൽ അവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | 2011-12 ൽ 10389 സംരംഭങ്ങളിലൂടെ 169530 ലക്ഷം രൂപയുടെ നിക്ഷേപവും 72324 പേർക്ക് തൊഴിൽ അവസരങ്ങളും സൃഷ്ടിക്കുകയുണ്ടായി. 2012-13 ൽ ജൂൺ വരെ 2182 സംരംഭങ്ങളിലൂടെ 15788 തൊഴിലവസരങ്ങളും 343.57 കോടി രൂപയുടെ നിക്ഷേപവും ഉണ്ടായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സിഡ്കോയുടെ വിവിധ എസ്റ്റേറ്റുകളിലും പാർക്കുകളിലുമായി 11.50 കോടി രൂപയുടെ നിക്ഷേപം ലഭിച്ചിട്ടുണ്ട്. ഇതിലൂടെ ഏകദേശം 500 ഓളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.<br>കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ വഴി 2011-12 ൽ 17.69 കോടി രൂപയുടെ നിക്ഷേപവും, 2012-13 ൽ ഇതു വരെ 13.35 കോടി രൂപയുടെ നിക്ഷേപവും ഉണ്ടായിട്ടുണ്ട്. ഇവ മൂലം 285 തൊഴിവസരങ്ങളും ഇക്കാലയളവിൽ സൃഷ്ടിക്കപ്പെടുകയുണ്ടായി. |
| (സി) | ഈ നിക്ഷേപങ്ങൾ ഏതെല്ലാം മേഖലകളിലാണെന്ന് വ്യക്തമാക്കുമോ? | (സി) | ഭക്ഷ്യ സംസ്കരണം, റെഡിമെയ്ഡ് ഗാർമെന്റ്, സിമന്റ് പ്രോഡക്ട്സ്, ജനറൽ എഞ്ചിനീയറിംഗ്, സോഫ്റ്റ് വെയർ ഡെവലപ്പ്മെന്റ്, മറൈൻ പ്രോഡക്ട്സ്, റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ, മിനറൽസ്, റെക്സിൻ പ്രോഡക്ട്സ്, പിവിസി പ്രോഡക്ട്സ്, പ്രിന്റിംഗ് പേപ്പർ ഉൽപ്പന്നങ്ങൾ, മെഴുക് തിരി നിർമ്മാണം, തടിയധിഷ്ഠിത ഉൽപ്പന്നങ്ങൾ.<br>ലൈറ്റ്/ജനറൽ എൻജിനീയറിംഗ്, ഇലക്ട്രോണിക്സ്, ഗാർമെന്റ്, റബ്ബർ വ്യവസായം, ഡിറ്റർജന്റ് പൗഡർ & സോപ്പ്, പെയിന്റ് & കെമിക്കൽസ്, മൗൾഡ്സ്& ഡൈസ്, വാട്ടർ ടാങ്ക്സ്, ഗ്ലാസ് വ്യവസായം, എഞ്ചിനീയറിംഗ് വ്യവസായം, കോൺക്രീറ്റ് പ്രോഡക്ട്സ് തുടങ്ങിയ മേഖലകളിലാണ് പ്രധാനമായ നിക്ഷേപം നടത്തിയിട്ടുള്ളത്.<br>ഹോട്ടൽ & ടൂറിസം, ഭക്ഷ്യ സംസ്കരണം, സിമന്റ്, എന്നീ മേഖലകളിലും നിക്ഷേപം നടത്തിയിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**